സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - 07/2014 ലെ ശമ്പള പരിഷ്ക്കരണം - യൂണിഫാറം അലവൻസ് ചെലവെഴുതുന്നതിനുള്ള വ്യവസ്ഥകൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 515/16/Est-I** നന്തൻകോട്, **30/03/2019**

---

പരാമർശം :- 01-07-2016 ലെ മേൽ നമ്പർ ബോർഡുത്തരവ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും 01.07.2014 മുതൽ പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ച പരാമർശ ഉത്തരവിലെ ഖണ്ഡിക 11 പ്രകാരം യൂണിഫാറം ധരിക്കേണ്ട വിഭാഗം ജീവനക്കാർക്ക് സർക്കാർ ക്രമം പ്രതിവർഷം 1600/- (ആയിരത്തി അറുനൂറ് രൂപ മാത്രം) രൂപ വീതം യൂണിഫാറം അലവൻസ് നൽകുന്നതിന് അനുവദിച്ചിട്ടുള്ളതാകുന്നു.

ടി ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഡ്യൂട്ടി സമയങ്ങളിൽ പ്രസ്തുത വിഭാഗത്തിലുള്ള ഒരു ജീവനക്കാരൻ യൂണിഫാറം ധരിക്കാതിരുന്നാൽ, പ്രസ്തുത ജീവനക്കാരന്റെ യൂണിഫാറം അലവൻസ് അനുവദിക്കുന്നത് നിറുത്തി വയ്ക്കുന്നതിനും അനുവദിച്ച യൂണിഫാറം അലവൻസ് തിരികെ ഈടാക്കുന്നതിനും ഓഫീസ് മേധാവിയ്ക്ക് അധികാരമുള്ളതാണ്.

എന്നാൽ ആയതിന് വിരുദ്ധമായി ബോർഡ് ഓഫീസ് കോമ്പൗണ്ടിലേതുൾപ്പെടെ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ഓഫീസുകളിലെ യൂണിഫാറം ധരിക്കേണ്ടുന്ന വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാരിൽ ബഹുഭൂരിപക്ഷത്തിനും യൂണിഫാറം ധരിക്കാതെ തന്നെ, ഓഫീസ് മേധാവികൾ യൂണിഫാറം അലവൻസ് ചെലവെഴുതി നൽകി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും, ഈ പ്രവണത അവസാനിപ്പിക്കേണ്ടത് അനിവാര്യമാണെന്നും ബോർഡ് വിലയിരുത്തി.

ആകയാൽ യൂണിഫാറം അലവൻസ് വാങ്ങുന്ന ജീവനക്കാർ ഡ്യൂട്ടി സമയത്ത് നിർബന്ധമായും യൂണിഫാറം ധരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചും, അലവൻസ് വാങ്ങിയശേഷം ഏതെങ്കിലും ജീവനക്കാരൻ യൂണിഫാറം

(മറുപുറം)

EDP

ധരിക്കാതിരിക്കുന്നുവെങ്കിൽ പ്രസ്തുത തുക തിരികെ ഈടാക്കി ദേവസ്വം ഫണ്ടിൽ ഒടുക്കു വരുത്തുന്നതിന് എല്ലാ ഓഫീസ് മേലധികാരികൾക്ക് നിർദ്ദേശം നൽകിയും ബോർഡുത്തരവാകുന്നു.

ഈ ഉത്തരവിന് വിരുദ്ധമായി പ്രവർത്തിയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. തിരുവാഭരണം കമ്മീഷണർ
3. ചീഫ് എഞ്ചിനീയർ (ജനറൽ)
4. ചീഫ് എഞ്ചിനീയർ
5. ജോയിന്റ് ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
6. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
7. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
8. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
9. ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം
10. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം
11. അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ആഫീസർ, തിരുവനന്തപുരം
12. ലാ ആഫീസർ
13. ലെയ്സൺ ആഫീസർ, എറണാകുളം
14. ഇ.ഡി.പി. സെക്ഷൻ
15. എല്ലാ ആഫീസ് മേധാവികൾക്കും
16. സെക്ഷൻ ഫയൽ
17. ഫയൽ ബുക്ക്
18. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

Ragimol

അസിസ്റ്റന്റ് സെക്രട്ടറി

SK